# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ എസ്.ഡി.11/888/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 24/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ എസ്.ഡി.11/888/2023 തീയ്യതി: 24/12/2023

## കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-11-2023 | 02-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ

ശ്രീ. രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. എം ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. കെ.സി കുഞ്ഞിക്കൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രസന്ന പ്രസാദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ എം | സെക്രട്ടറി | 01-04-2022 | 12-07-2022 |
| ശ്രീ രവീന്ദ്രൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2022 | 23-07-2022 |
| ശ്രീ സുരേഷ് കുമാർ എം | സെക്രട്ടറി | 24-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രവീന്ദ്രൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ ഹെറി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 17-10-2022 |
| ശ്രീ സതീശൻ എം കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-10-2022 | 05-03-2023 |
| ശ്രീ രാകേഷ് കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-03-2023 | 31-03-2023 |
| ശ്രീ ബാബുരാജ് കെ ബി | കൃഷി ഓഫീസർ | 01-04-2022 | 23-07-2022 |
| ശ്രീമതി ഹരിത കെ വി | കൃഷി ഓഫീസർ | 24-07-2022 | 02-08-2022 |
| ശ്രീ ശ്രീലാഷ് എ | കൃഷി ഓഫീസർ | 03-08-2022 | 30-09-2022 |
| ശ്രീമതി ഹരിത കെ വി | കൃഷി ഓഫീസർ | 01-10-2022 | 14-11-2022 |
| ശ്രീമതി വീണ കൃഷ്ണൻ | കൃഷി ഓഫീസർ | 15-11-2022 | 31-03-2023 |
| ശ്രീമതി ഷബ്ന കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി ജിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 23-01-2023 |
| ശ്രീമതി പ്രജി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-01-2023 | 31-03-2023 |
| ശ്രീ ജയരാജൻ | വി.ഇ.ഒ (പനത്തടി സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ രഞ്ജിത് | വി.ഇ.ഒ (പാണത്തൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ഡോ. അഖിൽ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 29-09-2022 |
| ഡോ. ജതിൻദാസ് രാജു | വെറ്ററിനറി സർജ്ജൻ | 30-09-2022 | 28-10-2022 |
| ഡോ. സാജിത | വെറ്ററിനറി സർജ്ജൻ | 29-10-2022 | 17-03-2023 |
| ഡോ. ജതിൻദാസ് രാജു | വെറ്ററിനറി സർജ്ജൻ | 18-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ദൃശ്യ ദാസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി ഉഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജയ്സമ്മ തോമസ് എ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-05-2022 |
| ശ്രീ അജിത് കെ | ഹെഡ്മാസ്റ്റർ | 01-06-2022 | 31-03-2023 |
| ശ്രീമതി ഹരിത | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2022 | 03-04-2022 |
| ശ്രീ അലാവുദ്ദീൻ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 04-04-2022 | 31-03-2023 |
| ഡോ. ഷംന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 04-05-2022 |
| ഡോ. അഷിജ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-05-2022 | 31-03-2023 |
| ഡോ.അനരൂപ് ശശിധരൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം | 1-1-1 |
| 3 | പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ലോൺ ബാദ്ധ്യതയും Prepaid Programme Expense ഉം പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ | 1-1-6 |
| 8 | ബാദ്ധ്യതകൾ, ഡെപ്രിസിയേഷൻ, Capital Work In Progress, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതം- ചെലവിനനുസൃതമായി ബാദ്ധ്യത കുറവ് ചെയ്തിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-10 |
| 19 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 20 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത | 1-12 |
| 21 | ദുരിതാശ്വാസ നിധി-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-13 |
| 22 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു | 1-14 |
| 23 | ഭവനപുനരുദ്ധാരണം പദ്ധതി -പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 24 | ഗോത്രസാരഥി പദ്ധതി - അപാകത | 1-16 |

| | | |
|---|---|---|
| 25 | വാട്ടർ ടാങ്ക് വിതരണം പദ്ധതി - പട്ടികവർഗ്ഗം - അപാകത | 1-17 |
| 26 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ പദ്ധതി - അപാകത | 1-18 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - അപാകത | 1-19 |
| 28 | സായംപ്രഭ ഹോം പ്രവർത്തനങ്ങൾ പദ്ധതി - അപാകത | 1-20 |
| 29 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-21 |
| 30 | ഡി.പി.സി പുതിയ കെട്ടിടത്തിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-22 |
| 31 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-23 |
| 32 | ഓ.ഡി.എഫ് പ്ലസ്സ് ബോർഡ് സ്ഥാപിക്കൽ | 1-24 |
| 33 | അഗതി രഹിത കേരളം- കുടുംബശ്രീ സി.ഡി.എസ് ന് അനുവദിച്ച തുക ചെലവഴിക്കാൻ അവശേഷിക്കുന്നു. | 1-25 |
| 34 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് തുക നൽകിയത് | 1-26 |
| 35 | ഡയാലിസിസ് ക്യാൻസർ കിടപ്പ് രോഗികൾക്ക് മരുന്നും മറ്റ് ഉപകരണങ്ങളും നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-27 |
| 36 | സെക്കണ്ടറി പാലിയേറ്റീവ് കെയർ ബ്ലോക്കിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-28 |
| 37 | തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകളുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 45,010 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-29 |
| 38 | പാണത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാർക്ക് നിയമനം -രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, മറ്റ് അപാകതകൾ | 1-30 |
| 39 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 11,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-31 |
| 40 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി- 1,33,077 രൂപയുടെ മരുന്ന് ഹോംകോയിൽ നിന്നും ലഭിച്ചിട്ടില്ല. | 1-32 |
| 41 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ട ആദായ നികുതി  കുറവു ചെയ്തതായി കാണുന്നില്ല. | 1-33 |
| 42 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധന- വിവിധ അപാകതകൾ | 1-34 |
| 43 | ചെയിനേജ് മറി കടന്നു കൊണ്ടുള്ള പ്രവൃത്തി നിർവഹണം- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-35 |
| 44 | മരാമത്ത് പ്രവൃത്തികൾ- കരാർ ചമയ്ക്കുന്നതിൽ കാലതാമസം- പിഴയിനത്തിൽ വരുമാന നഷ്ടം | 1-36 |

| | | |
|---|---|---|
| ഭാഗം **2** | | |
| 1 | മരാമത്ത് പ്രവൃത്തികൾ- കരാർ ചമയ്ക്കുന്നതിൽ കാലതാമസം- പിഴയിനത്തിൽ വരുമാന നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകളുടെ വൗച്ചറുകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. 45,010 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |
| 2 | ആർദ്രം - ജീവനക്കാരുടെ നിയമനം -രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല - 2,07,840 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 1/1 നം കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 13.09.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
24.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## 1-1-1 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ

അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2023 മാർച്ച് 31 ന് മാത്രമാണ്.

### 1-1-2 പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

1) 311100101-പഞ്ചായത്ത് ദുരിതാശ്വാസ നിധി എന്ന കണക്കിൽ 31.03.2023 ലെ നീക്കിയിരിപ്പ് ബാദ്ധ്യത 52,600 രൂപയാണ്. എന്നാൽ കേരള ബാങ്കിലെ 0039 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് നീക്കിയിരിപ്പുള്ളത് 16,919 രൂപ മാത്രമാണ്.

2) ഷെഡ്യൂൾ B4- 320100197- Literacy Scheme Grant എന്ന കണക്കിൽ 1,04,625 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ 450210101- KGB Account No.7630 എന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2023 ൽ 1,07,639 രൂപ നീക്കിയിരിപ്പുണ്ട്.

3) ഷെഡ്യൂൾ B4- 320100186- Western Ghat Development Programme എന്ന കണക്കിലെ നീക്കിയിരിപ്പ് 12,859 രൂപയാണ്. എന്നാൽ SCB Pariyaram Watershed (WGDP)-6334 എന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2023 ൽ 13,373 രൂപ നീക്കിയിരിപ്പുണ്ട്.

4) 320100202-Health Grant Towards Support Of Diagnostic Infrastructure എന്ന കണക്കിൽ 31.03.2023 ലെ നീക്കിയിരിപ്പ് ബാദ്ധ്യത 3,75,311 രൂപയാണ്. എന്നാൽ ഈ ഫണ്ട് കൈകാര്യം ചെയ്യുന്ന കേരള ഗ്രാമീൺ ബാങ്കിലെ 55362 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് നീക്കിയിരിപ്പുള്ളത് 92,417 രൂപ മാത്രമാണ്.

5) 320100204-Health Grant For Conversion Of PHCs Into Wellness Centres എന്ന കണക്കിൽ 31.03.2023 ലെ നീക്കിയിരിപ്പ് ബാദ്ധ്യത 2,27,032 രൂപയാണ്. എന്നാൽ ഈ ഫണ്ട് കൈകാര്യം ചെയ്യുന്ന കേരള ഗ്രാമീൺ ബാങ്കിലെ 55380 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് നീക്കിയിരിപ്പുള്ളത് 39,949 രൂപ മാത്രമാണ്.

### 1-1-3 ലോൺ ബാദ്ധ്യതയും Prepaid Programme Expense ഉം പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ B5- 330500201- Loan From KURDFC എന്ന കണക്കിൽ 6,89,37,828 രൂപയും 300500102-Secured Loan From Co-operarive Bank എന്ന കണക്കിൽ 30,909 രൂപയുമടക്കം 6,89,68,737 രൂപയാണ് 31.03.2023 ലെ വായ്പാ ബാദ്ധ്യത. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101-prepaid Programme Expense) 6,64,58,737 രൂപ മാത്രമേ ചേർത്തിട്ടുള്ളൂ.

### 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-5 Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക്

ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ (-) 2,95,11,463രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2023 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) 42,09,001 രൂപയാണ്.

### 1-1-6 അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ

1) 31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 3,12,089 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. വർഷാരംഭത്തിലെ മുന്നിരിപ്പ് ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 340100401-Road Cutting Deposit ഇനത്തിൽ രജിസ്റ്റർ പ്രകാരം 3,000 രൂപ 31.03.2023 ന് നീക്കിയിരിപ്പുണ്ട്. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പില്ല.

340200199- Other Deposits എന്ന കണക്കിലെ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് 48,176 രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പ് 1,296 രൂപ മാത്രമാണ്.

2) 31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 45,31,312 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ 460100101- Festival Advance, 460500801- Advance To MGNREGA യുടെ തൻവർഷ കണക്കുകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇതിൽ തന്നെ Festval Advance തിരിച്ചടച്ചിതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. Advance To MGNREGA എന്ന കണക്കിലെ മുന്നിരിപ്പ് ക്യാരി ഓവർ ചെയ്യുകയോ തൻവർഷം റീരുപ്പ് ചെയ്ത തുകകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ചുവടെ ചേർത്ത അഡ്വാൻസ് നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

460100199- Other Advances- 3,40,590

360500202- Advance-deposit With KSEB- 91,578

460500399- Advance To Other Authorised Agencies- 10,99,072

460500499- Advance To Other Accredited Agencies- 1,50,000

460500501- Advance To Implimenting Officers- 1,37,586 (മുന്നിരിപ്പ്)

### 1-1-7 ബാദ്ധ്യതകൾ, ഡെപ്രിസിയേഷൻ, Capital Work In Progress, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350200204- Recoveries Payable-NPS- 43,521

350300103- Govt And Other Dues Payable-VAT- 14,342

350300103- Govt And Other Dues Payable-Flood Cess- 177

350300199- Govt And Other Dues Payable-others- 7,200

350800101- Liability In Respect Of Stale Cheques – 5,000

350800199- Other Creditors- 3,46,076

2) 2022-23 വർഷത്തെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) 412010101- Capital Work In Progress എന്ന ഹെഡിൽ 31.03.2023 ന് നീക്കിയിരിപ്പുള്ള 12,41,823

രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്- (പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം)

312100128- Capital Contribution From MGNREGA- 1,34,07,064

312100201- Capital Contribution From Development Fund General- 4,82,190

312100203- Capital Contribution From Development Fund TSP- 3,12,082

312100204- Capital Contribution From Development Fund CFC Basic Grant- 10,85,643

312100205- Capital Contribution From Development Fund CFC Performance Grant- 23,08,400

312100302- Capital Contribution From Maintenance Fund Non Road- 4,05,386

312100414- Capital Contribution-fund For Transferred Insitutions- Development Of ST- 7,75,958

## 1-1-8 ഗുണഭോക്തൃ വിഹിതം- ചെലവിനനുസൃതമായി ബാദ്ധ്യത കുറവ് ചെയ്തിട്ടില്ല.

320800101-beneficiary Contributions എന്ന കണക്കിൽ 31.03.2023 ന് 2,29,300 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ പ്രോജക്ട് നം.176- ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിക്കായി പിരിച്ച ഗുണഭോക്തൃ വിഹിതമായ 1,65,000 രൂപയും ഉൾപ്പെടുന്നു. എന്നാൽ 17.03.2023 ലെ പേമന്റ് വൗച്ചർ നം. 22201069 പ്രകാരം ഈ തുക ചെലവു ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ചെലവനുസരിച്ചുള്ള ക്രമീകരണം 320800101-beneficiary Contributions എന്ന ബാദ്ധ്യതാ ഹെഡിൽ വരുത്തിയിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 22/3 Dt.18/02/2022 | 01/01 Dt.26/03/2023 |
| മുന്നിരിപ്പ് | 6016622 | 2333633 |
| വരവ് | 298987000 | 561208906 |
| ആകെ | 305003622 | 563542539 |
| ചെലവ് | 302153800 | 559184696 |
| നീക്കിയിരിപ്പ് | 2849822 | 4357843 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 3,07,62,702 |
| വരവ് | 8,24,33,787 |
| ആകെ | 11,31,96,489 |
| ചെലവ് | 6,75,04,651 |
| നീക്കിയിരിപ്പ് | 4,56,91,838 |
| വരവിനങ്ങളിലുള്ള നഷ്ടം | 9,398 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,52,850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71,56,669 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | | 0 | 2,83,78,000 | 2,83,78,000 | 2,48,94,242 | | 34,83,758 |
| വികസനഫണ്ട് എസ്.സി.എസ്.പി. | | 0 | 8,73,000 | 8,73,000 | 8,10,031 | | 62,969 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 1,32,54,000 | 1,32,54,000 | 1,32,54,000 | 0 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 19,79,342 | 38,25,000 + 2,36,747 =40,61,747 | 60,41,089 | 54,72,353 | 5,68,736 | |
| | ട്രഷറി | 0 | 1,67,488 | 1,67,488 | 46,000 | | 1,21,488 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 46,78,239 | 57,38,000 | 1,04,16,239 | 17,90,835 | 86,25,404 | |
| | ട്രഷറി | 0 | 38,88,725 | 38,88,725 | 16,38,811 | | 22,49,914 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 1,57,71,000 | 1,57,71,000 | 1,03,04,625 | | 54,66,375 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 70,84,000 | 70,84,000 | 35,39,954 | | 35,44,046 |
| വിവിധ പെൻഷനുകൾ | | 0 | 3,75,25,600 | 3,75,25,600 | 3,75,25,600 | 0 | |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | | 20,67,287 | 51,33,810 | 72,01,097 | 51,33,810 | 20,67,287 | |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | | 17,77,907 | 62,46,375 | 80,24,282 | 62,46,375 | 17,77,907 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | |
| തൊഴിലുറപ്പ് പദ്ധതി | | 0 | 9,68,19,412 | 9,68,19,412 | 9,68,17,783 | 1,629 | |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | | 11,75,741 | 10,36,288 | 22,12,029 | 7,97,034 | 14,14,995 | |
| നാഷണൽ ഹെൽത്ത് മിഷൻ (ആയുഷ് മിഷൻ) | | 0 | 50,000 | 50,000 | 0 | 50,000 | |
| ടോട്ടൽ സാനിറ്റേഷൻ | | 30,67,727 | 0 | 30,67,727 | 0 | 30,67,727 | |
| 320100202 ഹെൽത്ത് ഗ്രാന്റ് | | 0 | 3,75,311 | 3,75,311 | 2,82,894 | 92,417 | |
| 320100204 ഹെൽത്ത് ഗ്രാന്റ് | | 0 | 2,27,032 | 2,27,032 | 1,87,083 | 39,949 | |
| SSA | | 3,38,240 | 0 | 3,38,240 | 0 | 3,38,240 | |
| NPRPD | | 1,70,000 | 0 | 1,70,000 | 0 | 1,70,000 | |

| | | | | | | |
|---|---|---|---|---|---|---|
| National Rural Drinking Water Mission | 1,04,645 | 0 | 1,04,645 | 0 | 1,04,645 | |
| WGDP | 12,859 | 0 | 12,859 | 0 | 12,859 | |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1,31,84,000 | 1,45,00,000 | 2,76,84,000 | 75,20,000 | 2,01,64,000 | |
| ശുചിത്വ മിഷൻ | 34,64,246 | | 34,64,246 | 6,04,611 | 28,59,635 | |
| സാക്ഷരതാ ഗ്രാന്റ് | 1,04,625 | 0 | 1,04,625 | 0 | 1,04,625 | |
| കോർപ്പസ് ഫണ്ട്- പട്ടിക വർഗ വികസന വകുപ്പ് | 16,59,919 | | 16,59,919 | 7,75,958 | 8,83,961 | |
| മറ്റുള്ളവ | | | | | | |
| ഗുണഭോക്തൃ വിഹിതം | 1,38,300 | 1,65,000 | 3,03,300 | 74,000 | 2,29,300 | |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 43,65,194/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,23,913/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 88,36,000/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന പലിശ 2,36,747 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,15,01,000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സർക്കാർ റിസംപ്ഷൻ നടത്തിയ വകയിൽ ജനറൽ പർപ്പസ് ട്രഷറി അക്കൗണ്ടിലേക്ക് 29,06,651 രൂപ തിരികെ ലഭിക്കാനുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

6) സംയുക്ത പ്രോജക്ടുകളുടെ ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൽ നിന്നും ഈ വർഷം 59,93,653 രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

7) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവിൽ 9,46,56,883 രൂപ വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ തുകയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 37,33,92,724 | 140 | 10,66,72,196 | - | 70 | 66.67 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട | 2022-23 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം |
|---|---|---|---|---|

| | | പദ്ധതികളുടെ വിവരം | | | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 16919312 | 25 | 15973487 | 94.41 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 3645174 | 7 | 1097861 | 30.12 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 112 | 53260208 | 55 | 18451126 | 34.64 |
| 4 | കൃഷി ഓഫീസർ | 11 | 3853982 | 11 | 3113344 | 80.78 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 4789890 | 8 | 2844197 | 59.38 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 272091453 | 12 | 50397640 | 18.52 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4994000 | 7 | 3547437 | 71.03 |
| 8 | പ്രധാനധ്യാപകൻ | 4 | 3221120 | 4 | 2939970 | 91.27 |
| 9 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 800000 | 1 | 800000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 7 | 4853085 | 7 | 4468939 | 92.08 |
| 11 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 404500 | 2 | 338190 | 83.61 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2920000 | 1 | 2700005 | 92.47 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1640000 | 0 | 0 | 0 |
| | ആകെ | 210 | 373392724 | 140 | 106672196 | 28.57 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 2162529 | 2162529 | 2160900 | 1629 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പടെ) | 0 | 94656883 | 94656883 | 94656883 | - |
| ആകെ | 0 | 96819412 | 96819412 | 96817783 | 1629 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 2139 പദ്ധതികളുൾപ്പെടുന്ന 495599100 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1081 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 225983 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1420 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1418200 | 106 |
| വിധവാപെൻഷൻ | 13088200 | 940 |
| വാർദ്ധക്യകാലപെൻഷൻ | 19549400 | 1555 |
| വികലാംഗപെൻഷൻ | 3033000 | 154 |
| അവിവാഹിതകളായ 50 വയസ്സിനമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 436800 | 34 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2023 തീയ്യതിയിൽ 2.14 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 15,122/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1) 31.08.2016 ലെ ഓഫീസ് ഉത്തരവ് നം. 9/2016പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓഡിറ്റ് വർഷം മുതൽ ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും 01.12.2023 ലെ സ്ഥിതിയനുസരിച്ച് 32 ഫയലുകൾ പെന്റിംഗ് ആയും 521 ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. ആകെ 1092 ഫയലുകളിൽ തുടർ നടപടികൾ എടുക്കാൻ ബാക്കിയുണ്ട്. 734ഫയലുകൾ പാർക്ക് ചെയ്തിട്ടുമുണ്ട്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും പാർക്ക് ചെയ്ത ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

പഞ്ചായത്ത് കമ്മിറ്റി-

പഞ്ചായത്ത് കമ്മിറ്റി 2022-23 ൽ 32 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ടസുകൾ സകർമ

സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളുടെ മിനുട്ട്സുകൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 29.10.2022 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചതും പ്രസിഡണ്ട് അംഗീകരിച്ചതും 09.12.2022 ന് മാത്രമാണ്. . ഇത്തരത്തിൽ മിനുട്ട്സുകൾ തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യോഗങ്ങളുടെ അടുത്ത ദിവസം തന്നെ മിനുട്ട്സുകൾ പൂർത്തിയാക്കി അധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ട്സുകളിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

<u>ബി) ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി-</u>

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 21 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ പുതിയ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. നികുതി പിരിവ്, വരുമാനം സംബന്ധിച്ച മറ്റു വിഷയങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തി ശുപാർശകൾ ഭരണ സമിതിക്ക് നൽകിയിട്ടുണ്ട്. ഇവയിന്മേലുള്ള തുടർ നടപടികൾ നിരീക്ഷിക്കുന്നില്ല.

<u>സി) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 14 തവണയാണ് യോഗം ചേർന്നത്. ചില യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടില്ല. 15.03.2023 ന് ചേർന്ന യോഗത്തിന്റെ മിനുട്ടസ് പൂർത്തിയാക്കിയിട്ടില്ല. ചർച്ചകൾ വിശദമായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. തീരുമാനങ്ങൾ മാത്രം ചുരുക്കി എഴുതുന്ന രീതിയാണ് മിനുട്ട്സ് സൂക്ഷിപ്പിൽ തുടർന്നു വരുന്നത്.

<u>ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 18 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെ മിനുട്ട്സ് വിശദവും വ്യക്തവുമായി എഴുതിയിട്ടുണ്ട്. മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് പെൻഷനുകൾ റദ്ദാക്കാൻ ഉള്ള തീരുമാനങ്ങൾ കമ്മിറ്റി എടുത്തിട്ടുണ്ട്.

<u>ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 16 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. യോഗങ്ങളിൽ വിദ്യാഭ്യാസ സ്ഥപനങ്ങളുടെ അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ, പകർച്ച വ്യാധികൾ, പ്ലാസ്റ്റിക് നിരോധനം, തെരുവ് നായ ശല്യം, മാലിന്യ പ്രശ്നങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ഹരിത കർമ സേനയുടെ പ്രവർത്തനം തുടങ്ങി ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചുള്ള പലവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

5) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം ഏപ്രിൽ 22, ജൂലൈ 22 , ഡിസംബർ 22 , ജനുവരി 23, ഫെബ്രുവരി 23 എന്നീ മാസങ്ങളിൽ മാത്രമേ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളൂ. എല്ലാ മാസങ്ങളിലും ഓഫീസ് മീറ്റിംഗുകൾ ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

6) ഗ്രാമ പഞ്ചായത്ത് നികുതി പിരിവിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തദനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

7) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

8) 1990-91 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 7 യോഗങ്ങൾ ചേർന്നിരുന്നു. യോഗങ്ങളിൽ ക്വട്ടേഷനുകളും ടെണ്ടറുകളും അംഗീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാധന സാമഗ്രികളുടെ സാമ്പിളുകൾ പരിശോധിച്ചതായി കാണുന്നില്ല. സമാഹരിക്കുന്ന സാധന സാമഗ്രികളുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും വാങ്ങൽ നടപടികളും വിതരണ നടപടികളും മേൽനോട്ടം വഹിക്കുന്നതിനും കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

10) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

11) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ , തുടങ്ങിയവ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല. വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് എഴുതുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് കാലികമാക്കേണ്ടതുമാണ്.

തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതു പോലെ പൊതു ടാപ്പുകളുടെ രജിസ്റ്ററിലും പ്രതിമാസം അടക്കുന്ന വാട്ടർ ചാർജ് വിവരങ്ങൾ മാത്രമാണ് എഴുതുന്നത്. പൊതു ടാപ്പുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം, ശരാശരി ഉപയോക്താക്കൾ തുടങ്ങിയ വിവരങ്ങൾ എഴുതി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റി അധികൃതരുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ പൊതു ടാപ്പുകൾക്ക് വാട്ടർ ചാർജ് അടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

12) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും,

കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതി

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതിയുടെ 16.05.2023 തിയ്യതിയിലെ 3ാം നം. തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം സഞ്ചയ സോഫ്റ്റ്‌വേയറിൽ ലഭ്യമല്ലാത്തതിനാൽ ആയത് പൂർത്തീകരിച്ചിട്ടില്ല.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ച 1418 കെട്ടിടങ്ങളുടെ എണ്ണം ആണ്. എന്നാൽ 2022-23 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 406 മാത്രമാണ്. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലെ ഈ വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച നടപടികൾ പാലിക്കേണ്ടതാണ്

14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ.കൈ 84/22/തസ്വഭവ തീയതി 19.04.22) ഖണ്ഡിക 5-1ൽ നിഷ്കർഷിച്ചിട്ടുള്ള തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം

വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

8. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

1-11 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1എ), 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2022-23 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | സതീഷ് ജോസഫ് | 4/2023 | 5/311 | മലബാർ സിമന്റ് വർക്സ് | 4 |
| 2 | അശോകൻ പിലാക്കണ്ടി | 13/2023 | 14/377A | പിലാക്കണ്ടി ഗ്യാസ് ഏജൻസീസ് | 4 |
| 3 | സണ്ണി തോമസ് | 17/2023 | 13/118 | നിർമ്മിത് കോൺക്രീറ്റ് പ്രൊഡക്ട്സ് | 3 |
| 4 | ലോറൻസ് എ എ | 38/2023 | 13/106 A | എ ടി ഫ്യുവൽസ് | 4 |
| 5 | ബിജു ജോർജ്ജ് | 41/2023 | 9/277 B | തെങ്ങനാൽ എഞ്ചിനീയറിംഗ് വർക്സ് | 3 |
| 6 | ശ്രുതി കെ | 57/2023 | 14/98 | ശ്രീ പോർക്കലി സ്റ്റീൽസ് | 3 |
| 7 | ജർഷിദ് അലി | 291/2023 | 11/507, 508 | A To Z മിനിമാർട്ട് | 3 |
| 8 | സനൂപ് സി | 312/2023 | 5/383 | പാണത്തൂർ മെഡിക്കൽ സെന്റർ | 4 |
| 9 | മാത്യു ഫിലിപ്പ് | 333/2023 | 11/506 A, H | യുണൈറ്റഡ് ടൈൽസ് & സാനിറ്ററി | 4 |
| 10 | സണ്ണി ജോസഫ് | 359/2023 | 8/251 A | പീകോക്ക് സർവ്വീസ് വില്ല | 4 |
| 11 | ശിവപ്രസാദ് എം | 374/2023 | 8/585 H | മലബാർ കഫെ | 5 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 12 തീയ്യതി 30.11.2023)

## 1-12 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 35 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 60 |

നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം, വിശദാംശങ്ങൾ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | രാധാകൃഷ്ണൻ, വേണു, നിഷാന്ത് മക്കാക്കോടൻ, ബളാന്തോട്, പനത്തടി (100 M2 ന മുകളിലുള്ള കെട്ടിടം) | 10/76 C | 46.92 (GF) | 1642.20+ 20% വർദ്ധനവ് (328.44) =1971+LC (നിരക്ക് 35/m2) | 2815.2+ 20% വർദ്ധനവ് (563.04) =3379+LC (നിരക്ക് 60/m2) | 1408+LC |
| | | 10/76 | 68.25 (GF) | 2388.75+ 20% | 4095+ 20% | 2047+LC |

| | | | | | | |
|---|---|---|---|---|---|---|
| | നികുതി പ്രാബല്യത്തിൽ വന്നത് 2019-20 ഒന്നാം അർദ്ധ വർഷം മുതൽ | D | | വർദ്ധനവ് (477.75) =2867+LC (നിരക്ക് 35/m2) | വർദ്ധനവ് (819) =4914+LC (നിരക്ക് 60/m2) | |
| | | 10/76 E | 20.71 (GF) | 724.85+ 20% വർദ്ധനവ് (144.97) =870+LC (നിരക്ക് 35/m2) | 1242.60+ 20% വർദ്ധനവ് (248.52) =1492+LC (നിരക്ക് 60/m2) | 622+LC |
| ആകെ | | | | | | 4077+LC |

വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും, കുറവ് വന്ന തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.29 തീയ്യതി 01.12.2023

## 1-13 ദുരിതാശ്വാസ നിധി-രേഖകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരാൾക്ക് തുക അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നം.22200067/26.04.2022-5,000/-രൂപ,ചെക്ക് നം.004352/26.04.2022). ദുരിതാശ്വാസ നിധി ചെലവുമായി ബന്ധപ്പെട്ട് താഴെപറയുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം-5(1) - നിധിയെ സംബന്ധിച്ച് വരവ്-ചെലവ് രേഖപ്പെടുത്തുന്ന ക്യാഷ് ബുക്ക്, ചട്ടം-5(2) യോഗനടപടികൾ രേഖപ്പെടുത്തുന്ന മിനിട്സ് രജിസ്റ്റർ, അപേക്ഷകൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്ന അപേക്ഷാ രജിസ്റ്റർ, ചട്ടം - 3(4,5) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, പാസ്സ് ബുക്ക്, നിധിയുമായി ബന്ധപ്പെട്ട രശീത് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 30.11.2023 ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. . ദുരിതാശ്വാസനിധി സംബന്ധിച്ച എല്ലാ മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

## 1-14 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്ന

2022-23 വർഷം മരണരജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി/ രജിസ്റ്റർ നം. | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ചണ്ണമ്മ ഭായ്, കുണ്ടുപ്പള്ളി (വാർദ്ധക്യ പെൻഷൻ) | 112030200304 | 17.10.2022/ 115/2022 | 11/2022 -06/2023 | 1600x8= 12800/- |

| | | | | | |
|---|---|---|---|---|---|
| 2 | അൻപഴകൻ എം (വാർദ്ധക്യ പെൻഷൻ) | 112030202340 | 02.10.2022/ 111/2022 | 11/2022 – 02/2023 | 1600x4= 6400/- |
| | | | | ആകെ തുക | 19200/- |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം അവരുടെ അക്കൗണ്ടുകളിലേയ്ക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക തിരികെ ഈടാക്കി ഡി.ബി.റ്റി സെല്ലിലേയ്ക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിച്ച് തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ, പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും, മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കർഷക പെൻഷൻ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കർഷക പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ചണ്ണമ്മ ഭായ്, മാട്ടക്കുന്ന് | 2220317573 | 03.09.2022 | 10/2022- 04/2023 | 1600x7= 11200/- |

മേൽ വിഷയം പരിശോധിച്ച് ഇക്കാര്യം മരണപ്പെട്ടവരുടെ ബന്ധുക്കളെ അറിയിച്ച് അനർഹമായി അനുവദിച്ച കർഷക പെൻഷൻ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 16 തീയ്യതി 30.11.2023)

1-15 ഭവനപുനരുദ്ധാരണം പദ്ധതി -പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ - പ്രൊജക്ട് നം.04/23

അടങ്കൽ - 3825200/- രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ് +
74800/-രൂപ – തനത് ഫണ്ട്

ചെലവ് - 3100000/-രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ഈ പദ്ധതി പ്രകാരം ആകെ 100000/-രൂപ 2 ഗഡുക്കളായി ഭവന പുനരുദ്ധാരണത്തിന് നൽകുന്നു. അന്തിമഗുണഭോക്തൃ പട്ടികയിലെ 32 ഗുണഭോക്താക്കളുമായി കരാർ ഒപ്പിട്ട് തുക നൽകിയിട്ടുണ്ട്. ബില്ലുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബില്ല് നം./തിയ്യതി | തുക |
|---|---|---|
| 1 | 29/2022-23/13.1.2023 | 1500000/- |
| 2 | 33/2022-23/14.2.2023 | 250000/- |
| 3 | 37/2022-23/27.2.2023 | 100000/- |
| 4 | 38/2022-23/3.3.2023 | 50000/- |
| 5 | 40/2022-23/18.3.2023 | 550000/- |
| 6 | 41/2022-23/23.3.2023 | 450000/- |
| 7 | 44/2022-23/28.3.2023 | 200000/- |
| | ആകെ | 3100000/- |

പദ്ധതി പ്രകാരം തുക കൈപ്പറ്റിയ 32 ഗുണഭോക്താക്കളിൽ താഴെപ്പറയുന്ന 2 പേർ ആദ്യഗഡു കൈപ്പറ്റിയിട്ടുണ്ട്. ഇവർ നാളിതുവരെയായി ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

1.ഉഷാകുമാരി.കെ.സി, W/o കുട്ടപ്പൻ നായർ, കിളിക്കൊത്തിപ്പാറ – കരാർ തിയ്യതി- 23.2.2023 (ബിൽ നം.37/2022-23/27.2.2023 പ്രകാരം 50000/-രൂപ ആദ്യഗഡു നൽകി. അക്കൗണ്ട് നം.40492101002768/KGB)

2.ചന്ദ്രിക, W/o കുഞ്ഞിരാമൻ(late), കുന്നമ്മൽ വീട്, ചെറുപനത്തടി - കരാർ തിയ്യതി-17.12.2022 (ബിൽ നം.29/2022-23/13.1.2023 പ്രകാരം 50000/-രൂപ ആദ്യഗഡു നൽകി. അക്കൗണ്ട് നം.40416100011298/KGB)

ഇവരുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം .24/1.12.2023)

1-16 ഗോത്രസാരഥി പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.159/23

| | പ്ലാൻ ജനറൽ | ടി.എസ്.പി | തനത് ഫണ്ട് | ജില്ലാ പഞ്ചായത്ത് | ആകെ |
|---|---|---|---|---|---|
| അടങ്കൽ | 50000 | 1153000 | 80000 | 200000 | 1483000 |
| ചെലവ് | 50000 | 948500 | 77960 | 193810 | 1270270 |

പനത്തടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദൂരസ്ഥലങ്ങളിൽ യാത്രാസൗകര്യമില്ലാതെ പഠനം മുടങ്ങിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ അവരെ സ്കൂളിൽ കൃത്യമായി എത്തിക്കുന്നതിന് വേണ്ടി വാഹന സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരം ആകെ 1270270/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബില്ല് നം./തിയ്യതി | തുക |
|---|---|---|
| 1 | Bill No.02/2022-23/26.8.22 | 121800/- |
| 2 | Bill No.03/2022-23/15.9.22 | 226670/- |
| 3 | Bill No.04/2022-23/27.10.22 | 242400/- |
| 4 | Bill No.05/2022-23/14.12.22 | 94500/- |
| 5 | Bill No.06/2022-23/12.12.22 | 193810/- |
| 6 | Bill No.07/2022-23/13.1.23 | 114670/- |
| 7 | Bill No.08/2022-23/13.2.23 | 148460/- |
| 8 | Bill No.09/2022-23/17.3.23 | 50000/- |
| 9 | Bill No.10/2022-23/17.3.23 | 77960/- |
| | ആകെ | 1270270/- |

പദ്ധതി നടപ്പിലാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം വിവിധ സ്കൂളുകളുമായി ബന്ധപ്പെട്ട് അതാത് മേഖലയിലെ വാഹന ഉടമകൾ സമർപ്പിച്ച കുറഞ്ഞ തുകയുള്ള ക്വട്ടേഷനുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ ഡ്രൈവർമാർ അതാത് ദിവസങ്ങളിൽ സമർപ്പിക്കുന്ന ട്രിപ്പ് ഷീറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയാണ് തുക നല്കേണ്ടത്. എന്നാൽ ചില വാഹനങ്ങൾക്ക് ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലും ബാക്കിയുള്ളവയ്ക്ക് അതാത് ഹെഡ് മാസ്റ്റർമാർ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവുമാണ് തുക നൽകിയിരിക്കുന്നത്. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ

രേഖകളിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. .

| ക്രമ നം. | വാഹന ഉടമ/-ഡ്രൈവറുടെ പേര് | വാഹനം-രജിസ്ട്രേഷൻ നമ്പർ | നൽകിയ തുക | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജിജിമോൻ | KL-14-C-3558 JEEP | 155000/- | 03/22 - 02/23 | 10/22,11/22,12/22, 01/23, 02/23 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 2 | മനോജ്.വി.എൻ | KL-60-N-9623-JEETO MINI VAN | 240800/- | 03/22 - 02/23 | 06/22 മുതൽ 02/23 വരെയുള്ള ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 3 | തോമസ്.കെ.സി | KL-79-3432-JEETO MINI VAN | 217300/- | 03/22 - 02/23 | 06/22 മുതൽ 02/23 വരെയുള്ള ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 4 | രാജേഷ് കുമാർ | KL-60-B-7466 AUTO | 83520/- | 03/22 - 02/23 | ഹാജരാക്കിയ ഇൻഷൂറൻസിന്റെ കാലാവധി 30.7.22 വരെയും, ഫിറ്റ്നസ്സ് കാലാവധി 24.8.22 വരെയുമാണ്. |
| 5 | സിബി.സി.എം | KL-14-B-1888 JEEP | 174000/- | 03/22 - 02/23 | 06/22 മുതൽ 02/23 വരെയുള്ള ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 6 | മോഹൻ.പി.ബി | KL-60-D-5508-AUTO | 100100/- | 03/22 - 02/23 | 10/22,11/22,12/22, 01/23, 02/23 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 7 | ജയ് മോൻ മാത്യു | KL-14-A-4581 JEEP | 108000/- | 03/22 - 02/23 | 10/22,11/22,12/22, 01/23, 02/23 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 8 | ഹരികുമാർ | KL-14-Q-5790-IRIS AUTO | 69750/- | 03/22 - 02/23 | ഇൻഷൂറൻസ് 13.12.22 വരെ ഫിറ്റ്നെസ്സ് 12.12.22 വരെ - 10/22,11 /22,12/22, 01/23, 02/23 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 9 | വേണുഗോപാൽ | KL-14-D-1891-JEEP | 32200/- | 03/22 | 03/22 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 10 | ഷാജിലാൽ (03/22 Pending നൽകിയത്) | KL-14-D-4236 JEEP | 46000/- | 03/22 | 03/22 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| 11 | ജയചന്ദ്രൻ (03/22 Pending നൽകിയത്) | KL-14-A-8003 JEEP | 27600/- | 03/22 | 03/22 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 12 | ജിയോ ആന്റണി (03/22 Pending നൽകിയത്) | KL-60-J-3157 AUTO | 16000/- | 03/22 | 03/22 മാസത്തെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല |
| | | ആകെ | 1270270/- | | |

ട്രിപ്പ് ഷീറ്റുകൾ ,മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1270270/-രൂപ തടസ്സത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നം .13/30.11.2023)

1-17 വാട്ടർ ടാങ്ക് വിതരണം പദ്ധതി - പട്ടികവർഗ്ഗം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.93/23

അടങ്കൽ - 3,00,000/- രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 1,00,000/-രൂപ – ഗുണഭോക്തൃവിഹിതം

ചെലവ് - 2,60,130/-രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 74,000/-രൂപ – ഗുണഭോക്തൃവിഹിതം

പനത്തടി ഗ്രാമപഞ്ചായത്തിലെ കുടിവെള്ളത്തിന് ബുദ്ധിമുട്ട് നേരിടുന്ന പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2021-22 വർഷത്തിൽ തുടങ്ങിയ പദ്ധതി സ്പിൽ ഓവർ ആയി പൂർത്തീകരിക്കുകയാണ് ചെയ്തത്. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ഫിലിപ്സൺ എന്റർപ്രൈസസ് രാജപുരം 11.3.2022 ന് സമർപ്പിച്ച വാട്ടർ ടാങ്ക് ഒന്നിന് 2,990/-രൂപ എന്ന കുറഞ്ഞ തുക അംഗീകരിച്ച് പ്രവൃത്തി നൽകി. ഇൻവോയ്സ് നം.AC-08/25.3.2022 പ്രകാരം 100 വാട്ടർ ടാങ്ക് വിതരണം ചെയ്തതിന് 2,99,000/-രൂപയും, ഇൻവോയ്സ് നം.AC-10/29.3.2022 പ്രകാരം 12 വാട്ടർടാങ്ക് വിതരണം ചെയ്തതിന് 35,880/-രൂപയും ചേർത്ത് ആകെ 3,34,880/-രൂപയുടെ ഇൻവോയ്സ് സ്ഥാപനം നൽകി.
സ്ഥാപനത്തിന് ചുവടെ ചേർത്ത പ്രകാരം 3,34,130 രൂപ നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.00691140150443/HDFC Bank.)
1.ബിൽ നം.02/2022-23/25.6.2022 – 2,24,250/- രൂപ (5,980/- രൂപ GST കിഴിച്ച് 2,18,270/-രൂപ സ്ഥാപനത്തിന് നൽകി)

2.ബിൽ നം.06/2022-23/22.11.2022 – 35,880/- രൂപ

3.വൗച്ചർ നം.22200346/10.8.2022 – 74,000/-രൂപ (ഗുണഭോക്തൃവിഹിതം)

പദ്ധതിയുടെ ഫയൽ, രജിസ്റ്ററുകൾ പരിശോധന നടത്തിയപ്പോൾ താഴപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)നം.115/2022/തസ്വഭവ/തിയ്യതി-28.5.2022) പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്കുകൾ 100% സബ്സിഡി നിരക്കിലാണ് നൽകേണ്ടത്. എന്നാൽ പ്രസ്തുത പ്രോജക്ട് പ്രകാരം75% സബ്സിഡി മാത്രമാണ് നൽകിയിട്ടുള്ളത്.

2. ആകെ 112 വാട്ടർ ടാങ്കുകളാണ് പർച്ചേസ് നടത്തിയത്. വിതരണരജിസ്റ്റർ പ്രകാരം 105 എണ്ണം മാത്രമെ വിതരണം ചെയ്തിട്ടുള്ളൂ. വിതരണം ചെയ്യാൻ ബാക്കിയുള്ള 7 ടാങ്കുകൾ എവിടെ സൂക്ഷിച്ചു എന്ന് വിശദീകരിച്ചിട്ടില്ല.
3. ഗുണഭോക്താക്കൾക്ക് 100% സബ്സിഡി നൽകാമെന്നിരിക്കെ ഗുണഭോക്തൃ വിഹിതമായി 100 പേരിൽ 748/-രൂപ നിരക്കിൽ 74,800/-രൂപ ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.. 5 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുമില്ല.
4. പ്രോജക്ട് പ്രൊഫോർമ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 3,34,130/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം .23/1.12.2023

1-18 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ - ICDS സൂപ്പർവൈസർ

പ്രൊജക്ട് നം.169/23

അടങ്കൽ - 2,00,000/- രൂപ – വികസന ഫണ്ട്- ജനറൽ

ചെലവ് - 44,203/-രൂപ

ബിൽ നം.19/2022-23/29.3.2023 – 44,203/-രൂപ

വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. വികലാംഗ കോർപ്പറേഷൻ വഴി മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി വാക്കർ, വീൽ ചെയർ, വാക്കിംഗ് സ്റ്റിക്ക്, ഹിയറിംഗ് എയ്ഡ് എന്നിവ വാങ്ങി നൽകാനാണ് ഭരണസമിതി തീരുമാനിച്ചത്. (തീരുമാനം നം.2(7)/തിയ്യതി-01.12.2022.) ഹിയറിംഗ് എയ്ഡിന് 3 വർഷത്തെ വാറണ്ടി നൽകുന്നതിനാൽ KSI എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങാനും, ബാക്കിയുള്ളവ വികലാംഗ കോർപ്പറേഷനിൽനിന്നും വാങ്ങാനുമാണ് തീരുമാനിച്ചത്. ഇൻവോയ്സ് നം.304/22-23/18.3.2023 പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ താഴെപ്പറയും പ്രകാരം 44,203/-രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തു. തുക സ്ഥാപനത്തിന് കൈമാറി. (അക്കൗണ്ട് നം.67041903208/SBI.)

1.Folding Walker Deluxe – 7 Nos

2.Chromplated Wheel Chair – 4 Nos

3.Walking Stick Deluxe – 1 No.

ഇവ താഴെപ്പറയുന്ന 12 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ ഉപകരണം |
|---|---|---|
| 1 | കല്യാണി.പി പാണത്തൂർ | വാക്കർ |
| 2 | ദാമോദരൻ മാവുങ്കാൽ | വാക്കർ |
| 3 | പ്രഭാകരൻ നായർ വെള്ളക്കല്ല് | വാക്കർ |
| 4 | കുട്ടപ്പൻ ചിറങ്കടവ് | വാക്കർ |
| 5 | പി.രാഘവൻ നെരോടി | വീൽ ചെയർ |
| 6 | നാരായണി.കെ ചെറുപനത്തടി | വാക്കർ |
| 7 | സിബി.എസ്.കെ പാണത്തൂർ | വീൽ ചെയർ |
| 8 | അന്നമ്മ വർഗ്ഗീസ്, കോളിച്ചാൽ | വീൽ ചെയർ |
| 9 | ഐത്തു നായിക് കടമല | വീൽ ചെയർ |
| 10 | ഗോപിനാഥൻ കുളപ്പുറം | വാക്കിംഗ്സ്റ്റിക്ക് |
| 11 | ചെല്ലമ്മ കിളിയത്ത്, പാണത്തൂർ | വാക്കർ |
| 12 | വാസന്തി പാണത്തൂർ | വാക്കർ |

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.വികലാംഗ കോർപ്പറേഷൻ വഴി മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. എന്നാൽ, മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2.പട്ടികയിലെ ക്രമ നം.(1) കല്യാണി.പി, (5) പി.രാഘവൻ, (7) സിബി.എസ്.കെ,(11) ചെല്ലമ്മ കിളിയത്ത് എന്നിവരുടെ അപേക്ഷയോടൊപ്പം തിരിച്ചറിയാനുള്ള അനുബന്ധ രേഖകൾ ഒന്നുംതന്നെ ഇല്ല.

ഓഡിറ്റ് എൻക്വയറി നം.18/1.12.2023 പ്രകാരം അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല . അതിനാൽ ചെലവ് തുക 44,203/-രൂപ തടസ്സപ്പെടുത്തുന്നു.

1-19 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ - ICDS സൂപ്പർവൈസർ

പ്രൊജക്റ്റ് നം.235/23

അടങ്കൽ - 2,00,000/- രൂപ – പ്ലാൻ ജനറൽ + 17,500/-രൂപ – തനത് ഫണ്ട്

ചെലവ് - 2,15,352/-രൂപ (2,00,000,+ 15,352)

പദ്ധതി നടപ്പിലാക്കാനായി 22.12.22 ന് ടെണ്ടർ ക്ഷണിക്കുകയും 9.1.2023 ന് FIDCO Enterprises Kozhikode സമർപ്പിച്ച Steel Cot 198x90cm -HR 18 Guage Pipe ഒന്നിന് 3988/-രൂപ എന്ന ക്വട്ടേഷൻ 16.2.2023 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കുകയും പർച്ചേസ് നടത്തുകയും ചെയ്തു. 9.3.2023 ന് കരാർ ഒപ്പിട്ടു, ഇൻവോയ്സ് നം.FE/22-23/626/തിയ്യതി-9.3.2023 പ്രകാരം ആകെ 54 കട്ടിലുകൾ FIDCO വിതരണം നടത്തുകയും ചെയ്തു. ആകെ ഇൻവോയ്സ് തുക 2,15,352/-രൂപ. ബിൽ റഫറൻസ് നം.222000952003801521601/28.3.23 പ്രകാരം 2,00,000/-രൂപയും, ബിൽ റഫറൻസ് നം.222000952003801521602/28.3.23 പ്രകാരം 15,352/-രൂപയും സ്ഥാപനത്തിന് നൽകി. (അക്കൗണ്ട് നം.670069668722/SBI.) കട്ടിലുകൾ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃപട്ടിക പ്രകാരമുള്ള 54 പേർക്ക് വിതരണം ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. Steel Cot 198x90cm -HR 18 Guage Pipe ആണ് പർച്ചേസ് ചെയ്തിരിക്കുന്നത്. ടെണ്ടർ നോട്ടിഫിക്കേഷൻ പ്രകാരം മരം/Steel Cot എന്നിവയ്ക്കായിരുന്നു ബിഡ്ഡുകൾ ക്ഷണിച്ചിരുന്നത്. വിവിധ ടെണ്ടറുകൾ പരിശോധിച്ചപ്പോൾ മരം കൊണ്ടുള്ള കട്ടിലുകൾക്ക് (മഹാഗണി, ആഞ്ഞിലി) Steel Cot നെക്കാൾ കുറഞ്ഞ വില ക്വാട്ട് ചെയ്ത ടെണ്ടറുകൾ ഉണ്ടെന്ന് കാണുന്നു. മരം കൊണ്ടുള്ള കട്ടിലുകൾ ഒഴിവാക്കി Steel Cot തന്നെ വാങ്ങിയതിന്റെ കാര്യ കാരണങ്ങൾ ഫയലിൽ ഇല്ല. Steel Cot ന്റെ സാമ്പിൾ ഹാജരാക്കി ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ എന്ന് രേഖകളുടെ അഭാവത്തിൽ ഉറപ്പിക്കാനായിട്ടില്ല.

2. ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 7 ഗുണഭോക്താക്കളുടെ അപേക്ഷകൾക്കൊപ്പം അനുബന്ധരേഖകൾ സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നു.

1.ഫിലോമിന തേമസ്, വട്ടക്കയം (അപേക്ഷാ നമ്പർ-18)

2.കെ.ഗിരിജ, ദൊഡ്ഡമന (അപേക്ഷാ നമ്പർ-20)

3.കാരിച്ചി ഗോപാലൻ, അരിപ്റോഡ് (അപേക്ഷാ നമ്പർ-31)

4.സുശീല.പി.കെ, തച്ചർകടവ് (അപേക്ഷാ നമ്പർ-48)

5.പി.ആർ.വിജയൻ, മായത്തി (അപേക്ഷാ നമ്പർ-49)

6.സീതമ്മ, ദൊഡ്ഡമന (അപേക്ഷാ നമ്പർ-56)

7.പി.പി.മുഹമ്മദ്, ബീപ്പുകയം (അപേക്ഷാ നമ്പർ-59)

ചുവടെ ചേർത്ത 2 ഗുണഭോക്താക്കൾക്ക് 2022-23 വർഷത്തിൽ 60 വയസ്സ് തികഞ്ഞിട്ടില്ല.

1.ശാരദ.എ, അരിപ്റോഡ് -അപേക്ഷാ നമ്പർ-32– 60 വയസ്സ് ആയിട്ടില്ല, ഹാജരാക്കിയ രേഖകൾ പ്രകാരം ജനിച്ച വർഷം-1965

2.രാമകൃഷ്ണൻ, പനത്തടി -അപേക്ഷാ നമ്പർ-47 - 60 വയസ്സ് ആയിട്ടില്ല, ഹാജരാക്കിയ രേഖകൾ പ്രകാരം ജനിച്ച വർഷം -1964

ഓഡിറ്റ് എൻക്വയറി നം.15/30.11.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,15,352/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 സായംപ്രഭ ഹോം പ്രവർത്തനങ്ങൾ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ - ICDS സൂപ്പർവൈസർ

പ്രൊജക്ട് നം.21/23

അടങ്കൽ - 44000/- രൂപ – പ്ലാൻ ജനറൽ + 70000/-രൂപ – തനത് ഫണ്ട്

ചെലവ് - 103148/-രൂപ (36648+66500)

പനത്തടി ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രമായ സായംപ്രഭ ഹോമിലെ കെയർ ഗിവർക്ക് ഹോണറേറിയം നൽകാനും ഹോമിലെത്തുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം നൽകാനുമാണ് പദ്ധതി തയ്യാറാക്കിയത്. കെയർ ഗിവർ ശ്രീമതി. ശ്രീജ.കെ.വിക്ക് 2022 ജൂൺ മുതൽ 2023 മാർച്ച് വരെ ഹോണറേറിയം നൽകാൻ 66500/-രൂപയും(bill No.22/22-23/20.2.23 – 49000/-, Bill No.23/22-23/21.3.23 – 17500/-) ബാക്കി 36648/-രൂപ ലഘുഭക്ഷണത്തിനുമാണ് ചെലവഴിച്ചത്. ലഘുഭക്ഷണത്തിന് ക്വട്ടേഷൻ ക്ഷണിക്കുകയും സൗപർണ്ണിക കുടുംബശ്രീ യൂണിറ്റിന്റെ ചായ, പലഹാരം എന്നിവയ്ക്ക് 18/-രൂപ നിരക്കിലുള്ളത് അംഗീകരിക്കുകയും ചെയ്തു. ട്രഷറി ബിൽ നം.11/22-23/20.3.2023-26478/-രൂപ, ബിൽ നം.18/22-23/29.3.2023 -10170/-രൂപ എന്നിവ ചേർത്ത് ആകെ 36648/-രൂപ സുനിത.എംജി എന്നിവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം. 40492100004726/KGB.)

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.26478/-രൂപ ചെലവഴിച്ചതിന് ആധാരമായ രേഖകൾ .

2.10170/-രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട് കുടുംബശ്രീ ഔട്ട് ലെറ്റ് മാവുങ്കാൽ നം.5/20.3.23 ന്റെ ബില്ല് ഹാജരാക്കിയിട്ടുണ്ട്.എന്നാൽ ബില്ലിൽ ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയത്. ഇനം, തുക എന്നിവ കാണിക്കുന്ന ബില്ല് ഹാജരാക്കിയിട്ടില്ല.

3.സായംപ്രഭ ഹോം ഹാജർ ബുക്ക് .

4.സൗപർണ്ണിക കുടുംബശ്രീയുടെ ക്വട്ടേഷനാണ് അംഗീകരിച്ചതെങ്കിലും ഹാജരാക്കിയ ബില്ല് കുടുംബശ്രീ ഔട്ട് ലെറ്റ് മാവുങ്കാലിന്റേതാണ്, (തുക നൽകിയത് സുനിത.എം.ജി എന്നിവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ്).

ഓഡിറ്റ് എൻക്വയറി നം.19/1.12.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ലഘുഭക്ഷണത്തിന് ചെലവഴിച്ച 36648/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യാഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുകയിൽ ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം (460500501) 31.03.2023 വരെ 4,37,586 രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്കു 2,80,000/- രൂപ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ (30.11.2023 ഓഡിറ്റ് തീയതി) അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ക്രമീകരിച്ചിട്ടില്ല. അഡ്വാൻസിന്റെ വിവരങ്ങളും ക്രമീകരിച്ചതിന്റെ വിവരങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2022-23 ൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണഉദ്യോഗസ്ഥർ | വൗച്ചർ നം/ തീയ്യതി | നൽകിയ തുക |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി പാണത്തൂർ | 22200221/22.06.2022 | 1,50,000/- |

| | | | |
|---|---|---|---|
| 2 | കൃഷി ഓഫീസർ | 22200798/25.01.2023 | 25,000/- |
| 3 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി പാണത്തൂർ | 22200820/01.02.2023 | 30,000/- |
| 4 | ഹെഡ്മാസ്റ്റർ | 22200913/17.02.2023 | 40,000/- |
| 5 | വെറ്ററിനറി സർജ്ജൻ | 22200960/28.02.2023 | 20,000/- |
| 6 | മെഡിക്കൽ ഓഫീസർ ഹോമിയോ | 42200929/21.03.2023 | 15,000/- |
| ആകെ | | | 2,80,000/- |

അഡ്വാൻസ് തുകകൾ ക്രമീകരിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം.14 തീയ്യതി.30.11.2023 )

1-22 ഡി.പി.സി പുതിയ കെട്ടിടത്തിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - വികസന ഫണ്ട് (ജനറൽ ) - 3,00,000/-

ബിൽ റഫറൻസ് നം- 22200952002601197696 തീയ്യതി.16.02.2023. Rs.3,00,000/-

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതിയായ ജില്ലാ ആസൂത്രണ സമിതി പുതിയ കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ പദ്ധതിക്കായി പ്രോജക്റ്റ് നമ്പർ. SO222/23 പ്രകാരം 3,00,000/-രൂപ ഡി.പി.സി.ചെയർപേഴ്സൺ & മെമ്പർ സെക്രട്ടറിയുടെ ജോയിന്റ് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.720011400000034)തുക കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടത് ഇത് സംബന്ധിച്ച് 30.11.2023 ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. SO2013/23

ചെലവ് തുക -1,05,907/-, വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ റഫറൻസ് നമ്പർ. 22200952002600434430. തീയ്യതി.20.08.2022,Rs.1,05,907/-

പനത്തടി ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,05,907/-രൂപ നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.57047023512 ). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതുവരെ 1,05,907/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.11, തീയ്യതി.30.11.2023)

1-24 ഓ.ഡി.എഫ് പ്ലസ്സ് ബോർഡ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം. SO252/23

പ്രോജക്റ്റിന്റെ പേര് - ODF Plus ബോർഡ് സ്ഥാപിക്കൽ

ചെലവ് തുക - 44,550/-രൂപ ( കേന്ദ്രാവിഷ്കൃത ഫണ്ട് )

ചെക്ക് നമ്പർ. 025481 തീയ്യതി.30.03.2023,Rs.44,550/-

പഞ്ചായത്ത് ഭരണ സമിതിയുടെ 23.03.2023 തീയ്യതിയിലെ 1/2 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ കോളിച്ചാൽ,എരിഞ്ഞിലംകോട്,റാണിപുരം,ബളാംതോട്, പാണത്തൂർ എന്നീ സ്ഥലങ്ങളിൽ വിവര വിജ്ഞാനത്തിന്റെ ഭാഗമായി 5 ODF Plus ബോർഡ് സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 9,000/- രൂപ നിരക്കിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജി.എസ്.രാജീവ് പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ മാനടുക്കം എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ച് പദ്ധതി നിർവ്വഹണത്തിന് 44,550/-രൂപ നൽകിയിട്ടുണ്ട്.

1) പദ്ധതിയുടെ ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ഇല്ല. ക്വട്ടേഷൻ നോട്ടീസ് ഹാജരാക്കേണ്ടതാണ്,

2) 3 സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിച്ചതിന്റെ ഫോട്ടോകൾ ഫയലിൽ ഉണ്ട് (കോളിച്ചാൽ, എരിഞ്ഞിലംകോട്, ബളാംതോട്) ബാക്കി 2 സ്ഥലങ്ങളിൽ കൂടി (റാണിപുരം, പാണത്തൂർ) ബോർഡ് സ്ഥാപിച്ചതിന്റെ ഫോട്ടോകൾ ഹാജരാക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം.17, തീയ്യതി.30.11.2023 )

## 1-25 അഗതി രഹിത കേരളം- കുടുംബശ്രീ സി.ഡി.എസ് ന് അനുവദിച്ച തുക ചെലവഴിക്കാൻ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

പനത്തടി ഗ്രാമ പഞ്ചായത്തിലെ അഗതി ആശ്രയ പദ്ധതി നടത്തിപ്പിനു വേണ്ടി പ്രോജക്റ്റ് നം.185 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 1,00,000/-രൂപ നൽകിയിട്ടുണ്ട്. (ബിൽ റഫറൻസ് നം.222009520026009785l8/29.12.2022 ). പ്രസ്തുത തുക 05.01.2023 ന് അഗതി രഹിത കേരളം സി.ഡി.എസ് പനത്തടിയുടെ കേരള ഗ്രാമീൺ ബാങ്ക് പനത്തടി ബ്രാഞ്ചിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ( അക്കൗണ്ട് നം.40492101041712) പഞ്ചായത്തിൽ ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള കുടുംബശ്രീ സി.ഡി.എസ് നടപ്പിലാക്കി കൊണ്ടിരിക്കുന്ന അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട എസ്.ടി ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുവേണ്ടി വൗച്ചർ നം.164/30.03.2023 പ്രകാരം 18,600/-രൂപയും, വൗച്ചർ നം.65/30.03.2023 പ്രകാരം 45,000/-രൂപയും ചേർത്ത് ആകെ 63,600/-രൂപയുടെ ഭക്ഷണ കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം 2022-23 വർഷം അനുവദിച്ച 1 ലക്ഷം രൂപയിൽ 36,400/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച പ്രസ്തുത പദ്ധതിക്കുവേണ്ടി അനുവദിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ ചെലവുകൾ നടത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 26 തീയ്യതി 01.12.2023 )

## 1-26 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് തുക നൽകിയത്

പനത്തടി ഗ്രാമപഞ്ചായത്തിലെ വാർഡ് 6 ലെ കല്ലപ്പള്ളി-കമ്മാടി എന്ന പ്രദേശത്തെ റോഡിലെ പന്നിപാറ പാലത്തിന് സമീപത്തുള്ള വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് ചെക്ക് നം.025487/31.03.2023 പ്രകാരം 28,519/-രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബളാംതോടിന് നൽകിയിട്ടുണ്ട്. ഈ പ്രവൃർത്തി പൂർത്തികരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവയുടെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം ഫയലിൽ ലഭ്യമല്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും, തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 01.12.2023 ന് നൽകിയ 20-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 28,519/-രൂപ തടസ്സപ്പെടുത്തുന്നു.

1-27 ഡയാലിസിസ് ക്യാൻസർ കിടപ്പ് രോഗികൾക്ക് മരുന്നും മറ്റ് ഉപകരണങ്ങളും നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. S0190/22

ചെലവ് തുക - 50,000/-രൂപ - വികസന ഫണ്ട് (ജനറൽ)

ബിൽ നമ്പർ (ACR)- 221, തീയ്യതി.24.01.2023, Rs.50,000/-

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഡയാലിസിസ് ക്യാൻസർ കിടപ്പ് രോഗികൾ എന്നിവർക്കുള്ള മരുന്നും മറ്റ് ഉപകരണങ്ങളും എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്ക് 50,000/-രൂപ നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നത് സംബന്ധിച്ച് 30.11.2023 ന് നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 സെക്കണ്ടറി പാലിയേറ്റീവ് കെയർ ബ്ലോക്കിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. S0186/23

ചെലവ് തുക - 50,000/-രൂപ - വികസന ഫണ്ട് (ജനറൽ)

ബിൽ നമ്പർ. (ACR) - 372/ തീയ്യതി.28.03.2023, Rs.50,000/-

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്കണ്ടറി പാലിയേറ്റീവ് കെയർ ബ്ലോക്കിന് വിഹിതം നൽകൽ എന്ന പദ്ധിക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്ക് 50,000/-രൂപ നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നത് സംബന്ധിച്ച് 30.11.2023 ന് നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകളുടെ വൗച്ചറുകൾ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. 45,010 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പനത്തടി ഗ്രാമ പഞ്ചായത്തിലെ പാണത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രൊജക്റ്റ് നമ്പർ 24/2022-23- പ്രതിരോധ പ്രവർത്തനം മഴക്കാല ശുചീകരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തനതു ഫണ്ടിനത്തിൽ 45,010 രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം അത്തരം രേഖകൾ നിലവിലില്ല എന്ന അനുമാനത്തിൽ 45,010 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-30 പാണത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ജീവനക്കാർക്ക് നിയമനം -രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, മറ്റ് അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, പാണത്തൂർ

| | |
|---|---|
| പ്രൊജക്റ്റ് | പ്രൊജക്റ്റ് നമ്പർ : 8 /2022-23- ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് നിയമനം-ആർദ്രം |
| അടങ്കൽ തുക | 19,38,680 രൂപ |
| ചെലവ് | 17,34,290 രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) |

ചെലവിന്റെ വിശദാംശങ്ങൾ-

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ/തിയ്യതി | തുക |
|---|---|---|
| 1 | 22200952006601185751 Date:15.2.2023 | 29700 |
| 2 | 22200952006600786129 Date:19.11.2022 | 204310 |
| 3 | 22200952006600983494 Date:17.1.2023 | 52920 |
| 4 | 22200952006600983495 Date:17.1.2023 | 52920 |
| 5 | 22200952006600983497 Date:17.1.2023 | 98550 |
| 6 | 22200952006601383028 Date:18.3.2023 | 52920 |
| 7 | 22200952006601383040 Date:18.3.2023 | 52920 |
| 8 | 22200952006601383055 Date:18.3.2023 | 98550 |
| 9 | 22200952006601152635 Date:9.2.2023 | 52920 |
| 10 | 22200952006601152644 Date:9.2.2023 | 52920 |
| 11 | 22200952006601152651 Date:9.2.2023 | 68850 |
| 12 | 22200952006600902385 Date:20.12.2022 | 52920 |
| 13 | 22200952006600902395 Date:20.12.2022 | 52920 |
| 14 | 22200952006600902402 Date:20.12.2022 | 85350 |
| 15 | 22200952006600611798 Date:10.10.2022 | 201070 |
| 16 | 22200952006600494669 Date:6.9.2022 | 105570 |
| 17 | 22200952006600292898 Date:12.7.2022 | 105570 |
| 18 | 22200952006600400252 Date:16.8.2022 | 105570 |
| 19 | 22200952006600131320 Date:27.5.2022 | 104470 |
| 20 | 22200952006600176251 Date:8.6.2022 | 103370 |

| | |
|---|---|
| ആകെ | 17,34,290 |

ഈ പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2,07,840/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല- ചെലവ് നിരാകരിക്കുന്നു.

ആർദ്രം പദ്ധതിയുടെ നടത്തിപ്പിനായി മുകളിൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ചെലവ് ചെയ്ത 17,34,290 രൂപയിൽ 2,07,840/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബിൽ നം. 222009520066001313 20/27.5.2022 പ്രകാരമുള്ള 1,04,470 രൂപ, ബിൽ നം.22200952006600176251/8.6.2022 പ്രകാരമുള്ള 1,03,370 രൂപ എന്നീ ചെലവുകളുടെ രേഖകളാണ് ഹാജരാക്കാത്തത്. ഈ സാഹചര്യത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെചട്ടം 12 പ്രകാരം അത്തരം രേഖകൾ നിലവിലില്ല എന്ന അനുമാനത്തിൽ ചെലവ് രേഖകൾ ഹാജരാക്കാത്ത 2,07,840 (1,04,470+1,03,370=2,07,840) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) താത്കാലിക ജീവനക്കാരുടെ നിയമന രേഖകൾ ഹാജരാക്കിയിട്ടില്ല- 15,26,450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഈ പ്രോജക്ടിനായി ചെലവ് ചെയ്ത 17,34,290 രൂപയിൽ, മുകളിൽ ക്രമ നം 1 ൽ പരാമർശിച്ച ബില്ലുകളിലെ തുക ഒഴികെ, ബാക്കി 15,26,450 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി വിവിധ തസ്തികകളിൽ താൽക്കാലിക നിയമനം നേടിയ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനാണ് 15,26,450 രൂപ ചെലവഴിച്ചിട്ടുള്ളത്. താത്കാലിക നിയമനം നേടിയ ജീവനക്കാരുടെയും തസ്തികകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ലൈല ബാബു -.ഫാർമസിസ്റ്റ്

(2) അനൂപ്.യു.-ഡോക്ടർ

(3) രമ്യ നാരായണൻ-ഡോക്ടർ

(4) ആതിര രജനി -ഡോക്ടർ

(5) കവിത എൻ .-നേഴ്സിംങ് ഓഫീസർ

(6) ഷാരോൺ മൈക്കിൾ -ലാബ് ടെക്നീഷ്യൻ

(7) ശ്രീരേഖ.പി-ഫാർമസിസ്റ്റ്

മേൽ നിയമനങ്ങളുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അപേക്ഷ, രേഖകളുടെ പകർപ്പ്, , അഭിമുഖ രേഖകൾ, നിയമന ഉത്തരവ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/22-23, തിയതി 01.12.2023) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ താത്കാലിക ജീവനക്കാർക്ക് ശമ്പളം നൽകാൻ ചെലവഴിച്ച 15,26,450 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

1-31 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 11,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ : 7/2022-23, പ്രൊജക്ട് : സാന്ത്വന പരിചരണ പദ്ധതി
നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, പാണത്തൂർ

പഞ്ചായത്തിൽ സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗൃഹ

സന്ദർശനത്തിനായി KL-14 D 1414 നമ്പർ വാഹനം ഉപയോഗിച്ചിട്ടുണ്ട്.ക്വട്ടേഷൻ മുഖേന വാഹനം വാടകയ്ക്ക് എടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ, സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കുന്നതിന് മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് കൃപ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ക്വട്ടേഷൻ മുഖേന കൃപ സർജിക്കൽസിനെ തെരഞ്ഞെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്ട് | സാന്ത്വന പരിചരണം |
| അടങ്കൽ തുക | 11,00,000 രൂപ |
| ചെലവ് | 11,00,000 രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) |

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ/തിയ്യതി | തുക |
|---|---|---|
| 1 | 222009520066013396O2 Date:23.3.2023 | 62370 |
| 2 | 22200952006601424 53 Date:28.3.2023 | 52410 |
| 3 | 222009520066014204 70 Date:31.3.2023 | 8905 |
| 4 | 222009520066001247 61 Date:7.6.2022 | 52330 |
| 5 | 222009520066003238 35 Date:19.7.2022 | 53340 |
| 6 | 222009520066004002 49 Date:8.8.2022 | 52310 |
| 7 | 222009520066001762 56 Date:7.6.2022 | 52110 |
| 8 | 222009520066 00490735 Date:2.9.2022 | 51370 |
| 9 | 222009520066005335 95 Date:14.9.2022 | 264534 |
| 10 | 222009520066005336 15 Date:14.9.2022 | 44393 |
| 11 | 22200952006600695 59 Date:29.10.2022 | 51220 |
| 12 | 222009520066008311 96 Date:1.12.2022 | 10000 |
| 13 | 222009520066008427 40 Date:8.12.2022 | 52815 |
| 14 | 222009520066009834 90 Date:.5.1.2023 | 15000 |
| 15 | 222009520066009834 91 Date:27.1.2023 | 53725 |
| 16 | 222009520066007861 24 Date:25.11.2022 | 55150 |
| 17 | 222009520066011857 44 Date:20.2.2023 | 51810 |
| 18 | 222009520066012147 00 Date:27.2.2023 | 25000 |
| 19 | 222009520066012365 41 Date:27.2.2023 | 91208 |
| | ആകെ | 11,00,000 |

വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും വാഹനം ( KL-14 D 1414 ) വാടകയ്ക്ക് എടുത്തതിന്റെ ക്വട്ടേഷൻ രേഖകൾ, കൃപ സർജിക്കൽസിന്റെ ക്വട്ടേഷൻ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ, ചെലവ് തുകയായ 11,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 2/2022-23 തിയ്യതി : 28.11.2023).

**1-32 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി- 1,33,077 രൂപയുടെ മരുന്ന് ഹോംകോയിൽ നിന്നും ലഭിച്ചിട്ടില്ല.**

പനത്തടി ഗ്രാമ പഞ്ചായത്ത് ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, (ഹോമിയോ)

| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ഫണ്ട് ഇനം | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് |
|---|---|---|---|---|---|
| 1 | 3,00,000/രൂപ | 3,00,000/രൂപ | മെയിൻറനൻസ് നോൺ-റോഡ് | 16/2022-23 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി |

ബിൽ നമ്പർ : 1/2022-23,തിയ്യതി : 5.11.2022

പനത്തടി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, പനത്തടി ഗ്രാമ പഞ്ചായത്ത് ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് മേൽ ബിൽ നമ്പർ പ്രകാരം 3,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (ഹോംകോ-ആലപ്പുഴ) അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-34306403911) 3,00,000 രൂപ 5.11.2022-ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 26.11.2022-ലെ രശീത് നമ്പർ 6778 പ്രകാരം 3,00,000 രൂപ ഹോംകോ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 3,00,000 രൂപയിൽ 1,66,923 രൂപയുടെ മരുന്ന് മാത്രമാണ് ഹോമിയോ ആശുപത്രിയിൽ ലഭ്യമായത്. ബാക്കി 1,33,077 (3,00,000-1,66,923=1,33,077) രൂപയുടെ മരുന്ന് ഹോമിയോ ആശുപത്രിയിൽ ലഭ്യമായിട്ടില്ല. ആയതിനാൽ 1,33,077 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 4 /2022-23 തിയ്യതി : 28.11.2023) മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻകൂർ നൽകിയ മുഴുവൻ തുകയുടെയും മരുന്ന് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

1-33 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ട ആദായ നികുതി കുറവു ചെയ്തതായി കാണുന്നില്ല.

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2022-23 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാരനായ ശ്രീ.രാജീവ്.ജി.എസ് ആണ് സാധനങ്ങൾ സപ്ലൈ ചെയ്തത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ജി.എസ്.ടി യും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നില്ല എങ്കിലും ബാധകമായ ജി.എസ്.ടി തുക കരാറുകാരിൽ നിന്നും പിന്നീട് ഈടാക്കി പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ ആകെ 41 പ്രവൃത്തികൾക്ക് പേമെന്റ് നടത്തിയതിൽ 10 പ്രവൃത്തികളുടെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി പിന്നീട് ഈടാക്കി അടച്ചിട്ടുണ്ട്. ബാക്കി 31 പ്രവൃത്തികളിൽ സ്രോതസ്സിൽ നിന്നും ആദായ നികുതി തുക കുറവ് ചെയ്തിട്ടില്ല.

ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതി കരാറുകാരനിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| SL No. | Work Name (Work Code) | FTO NO | Bill Date (DD/MM /YYYY) | Date Of Payment (DD/MM /YYYY) | Payment Amount | കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | SREEHARI HATCHERY UNIT W9 (1601006006/AV /280537) | 0121EATPAYREQ22082022161232 | 16/07/2022 | 09/05/2022 | 239706 | 2397.06 |
| 2 | Doddamen Danddadka Road Concrete (1601006006/RC /332994) | 0121EATPAYREQ08082022162471 | 16/04/2022 | 25/08/2022 | 299605 | 2996.05 |
| 3 | Chirankadavu Pallikkal Road Drainage (1601006006/RC /342856) | 0121EATPAYREQ22082022161260 | 25/06/2022 | 16/02/2023 | 282246 | 2822.46 |
| 4 | ചുഴിപ്പ് താഴെപാടി റോഡ് കോൺക്രീറ്റ് (1601006006/RC /307102) | 0121EATPAYREQ0408202216682 | 23/07/2021 | 09/05/2022 | 794976 | 7949.76 |
| 5 | പനക്കയം എസ് ടി കോളനി റോഡ് കോൺക്രീറ്റ് (1601006006/RC /307104) | 0121EATPAYREQ0408202216726 | 29/09/2021 | 09/05/2022 | 397435 | 3974.35 |
| 6 | മുന്തൻറെമൂല ക്ലപ്പ് റോഡ് കോൺക്രീറ്റ് (1601006006/RC /307106) | 0121EATPAYREQ2809202216246 | 20/09/2021 | 23/03/2023 | 381606 | 3816.06 |
| 7 | കോട്ടക്കുന്ന് നെല്ലിക്കുന്ന് റോഡ് കോൺക്രീറ്റ് (1601006006/RC /307115) | 0121EATPAYREQ0408202216723 | 10/07/2021 | 09/05/2022 | 77187 | 771.87 |
| 8 | മാനടുക്കം ആറിലപ്പുന്ന- പാടി റോഡ് കോൺക്രീറ്റ് (1601006006/RC /307846) | 0121EATPAYREQ0408202216727 | 10/11/2021 | 09/05/2022 | 396924 | 3969.24 |
| 9 | Chamundikunnu Adukkam Road Concrete (1601006006/RC /328935) | 0121EATPAYREQ08082022161771 | 10/06/2021 | 16/02/2023 | 387272 | 3872.72 |
| 10 | Anganwady Thatt | 0121EATPAYREQ08082022161853 | 02/02/2022 | 16/02/2023 | 385012 | 3850.12 |

| | | | | | | |
|---|---|---|---|---|---|---|
| | Adukkam Road Concrete (1601006006/RC /328936) | | | | | |
| 11 | Chamundikunnu School Vathilmadi Road Concrete (1601006006/RC /328937) | 0121EATPAYREQ08082022161924 | 23/02/2022 | 23/03/2023 | 395276 | 3952.76 |
| 12 | Parakadavu Kunduppally Road Concrete (1601006006/RC /328938) | 0121EATPAYREQ0408202216692 | 07/09/2021 | 09/05/2022 | 395276 | 3952.76 |
| 13 | Gandhipuram Vathilmadi Road Concrete (1601006006/RC /328939) | 0121EATPAYREQ08082022161944 | 02/03/2022 | 23/03/2023 | 385507 | 3855.07 |
| 14 | MCF Vattakayam Culvert (1601006006/RC /328943) | 0121EATPAYREQ08082022161965 | 28/01/2022 | 16/02/2023 | 83427 | 834.27 |
| 15 | Uthirakulam Neelachal Road Concrete (1601006006/RC /329072) | 0121EATPAYREQ08082022162026 | 16/02/2022 | 16/02/2023 | 285262 | 2852.62 |
| 16 | Moolavalappu Rangathumala Road Concrete (1601006006/RC /329116) | 0121EATPAYREQ08082022162234 | 18/01/2022 | 16/02/2023 | 391012 | 3910.12 |
| 17 | Ariprod Kappithottam Road Side Pitching (1601006006/RC /329172) | 0121EATPAYREQ08082022162331 | 01/04/2022 | 23/03/2023 | 65680 | 656.8 |
| 18 | Ottamala Balunaik Nagar Colony Road Concrete (1601006006/RC /331153) | 0121EATPAYREQ0408202216728 | 11/09/2021 | 09/05/2022 | 393930 | 3939.3 |
| 19 | Koop Aarilapunna Road Concrete (1601006006/RC /331852) | 0121EATPAYREQ0408202216721 | 09/09/2021 | 09/05/2022 | 395012 | 3950.12 |
| 20 | Padi Aarilapunna | 0121EATPAYREQ08082022162345 | 24/01/2022 | 23/03/2023 | 395012 | 3950.12 |

| | | | | | | |
|---|---|---|---|---|---|---|
| | Road Concrete (1601006006/RC /332082) | | | | | |
| 21 | Beembungal Nilayikkal Thatt Pady Road Concrete (1601006006/RC /332925) | 0121EATPAYREQ08082022162378 | 02/01/2022 | 23/03/2023 | 393504 | 3935.04 |
| 22 | Thumbodi ST Colony Road Concrete (1601006006/RC /332939) | 0121EATPAYREQ0408202216729 | 11/06/2021 | 09/05/2022 | 393743 | 3937.43 |
| 23 | Rangathamale Moolebaddadaka Road Concrete (1601006006/RC /332989) | 0121EATPAYREQ0408202216650 | 07/09/2021 | 09/05/2022 | 394153 | 3941.53 |
| 24 | Kallapally Moolavalappu Road Concrete (1601006006/RC /332991) | 0121EATPAYREQ0408202216717 | 07/09/2021 | 09/05/2022 | 393567 | 3935.67 |
| 25 | Doddamen Danddadka Road Concrete (1601006006/RC /332994) | 0121EATPAYREQ08082022162471 | 15/01/2022 | 16/02/2023 | 299605 | 2996.05 |
| 26 | Chamundikunnu Mavungal Colony Road Concrete (1601006006/RC /333027) | 0121EATPAYREQ08082022162509 | 15/12/2021 | 16/02/2023 | 319172 | 3191.72 |
| 27 | Moolavalapu Rangathamale Road Concrete And Pipe Culvert (1601006006/RC /333215) | 0121EATPAYREQ08082022161890 | 05/04/2021 | 23/03/2023 | 181233 | 1812.33 |
| 28 | Parambaragatha Jalasrothasukalude Punarudharanam Nellithod(coir Geotextile) W12 (1601006006/WC /489035) | 0121EATPAYREQ1908202216483 | 24/02/2022 | 22/08/2022 | 80850 | 808.5 |
| 29 | പനക്കയം തട്ട് | 0121EATPAYREQ08082022162041 | 28/03/2021 | 16/02/2023 | 199857 | 1998.57 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റ് (1601006006/RC /307105) | | | | | |
| 30 | കോയത്തടുക്കം കോളനി റോഡ് കോൺക്രീറ്റ് (1601006006/RC /307109) | 0121EATPAYREQ08082022162052 | 24/02/2021 | 16/02/2023 | 399308 | 3993.08 |
| 31 | പാണത്തൂർ കൃഷിഭവൻ റോഡ് കോൺക്രീറ്റ് (1601006006/RC /307110) | 0121EATPAYREQ08082022162092 | 24/02/2021 | 16/02/2023 | 399308 | 3993.08 |
| | | ആകെ | | | 10281663 | 102816.63 |

പേമെന്റ് നടത്തുവാൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളുടെയും പേമെന്റ് നടത്തുമ്പോൾ ബാധകമായ നികുതികൾ കുറവ് ചെയ്ത് അടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-34 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധന- വിവിധ അപാകതകൾ

1. കുണ്ടുപ്പള്ളി മാപ്പിളച്ചേരി റോഡ് ടാറിംഗ് (കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി- പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല- മറ്റ് അപാകതകൾ

കരാറുകാരൻ- ശ്രീ.ജി.എസ്.രാജീവ്

പേമെന്റ്- 7,75,958 രൂപ (വൗച്ചർ നം.21/22-23, തിയതി 29.06.2022)

പനത്തടി ഗ്രാമപഞ്ചായത്തിലെ കുണ്ടുപ്പള്ളി മാപ്പിളച്ചേരി റോഡ് ടാറിംഗ് പ്രവൃത്തിക്കായി 2015-16 വർഷം കോർപ്പസ് ഫണ്ടിൽ നിന്നും പട്ടികവർഗ വികസന വകുപ്പ് നൽകിയ 27,60,000 രൂപയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടത്തിപ്പിന് ശേഷം ബാക്കിയുള്ള 7,98,976 രൂപയ്ക്ക് ചെയിനേജ് 1/525 മുതൽ 1/825 വരെ ടാർ ചെയ്യാൻ പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് 26.07.2019 ലെ ജി.ഒ(ആർ.ടി)നം.828/19/scstdd പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് കാസറഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസരുടെ 18.09.2019 ലെ ബി-2000/2015 നമ്പർ ഉത്തരവ് പ്രകാരം ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങളും നിബന്ധനകളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി 2019 ഡിസംബർ 31 നകം പൂർത്തീകരിക്കണം.

2. പദ്ധതി പൂർത്തീകരിച്ചതിന് ശേഷം കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

3. പദ്ധതി പൂർത്തീകരിച്ച് പട്ടികജാതി പട്ടികവർഗ വികസന വകുപ്പിൽ നിന്നുള്ള പരിശോധനയ്ക്ക് ശേഷമേ ഫൈനൽ ബിൽ നൽകാവൂ.

തുടർന്ന് 03.08.2020 ലെ AE/PDY/02/20-21 നമ്പർ കരാർ പ്രകാരം ശ്രീ.രാജീവ്.ജി.എസ് എന്ന കരാറുകാരൻ ഈ പ്രവൃത്തി നടത്തുകയും അദ്ദേഹത്തിന് മേൽ വിവരിച്ച പ്രകാരം പേമെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

ഈ പ്രവൃത്തി നടത്തിപ്പിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി നടത്തിപ്പിലും പൂർത്തീകരണത്തിലും കാലതാമസം- പിഴ ഈടാക്കിയിട്ടില്ല.

ഈ പ്രവൃത്തി ടെണ്ടർ ചെയ്തത് 19.03.2020 ന് ആണ്. ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത് 03.06.2020 നാണ്. സെലക്ഷൻ നോട്ടീസ് ഫയലിൽ ഇല്ലാത്തതിനാൽ എന്നാണ് സെലക്ഷൻ നോട്ടീസ്

അയച്ചത് എന്ന് വ്യക്തമല്ല. കരാറുകാരനുമായി അസിസ്റ്റന്റ് എഞ്ചിനീയർ 03.08.2020 ന് കരാർ വയ്ക്കുകയും അന്ന് തന്നെ കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം പ്രവൃത്തി ആരംഭിച്ചത് 04.01.2021 നു മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലാവധി കരാറിലോ മറ്റു രേഖകളിലോ പരാമർശിച്ചിട്ടില്ല. അളവു പുസ്തകം പ്രകാരം പ്രവൃത്തി 07.05.2022 നാണ് പൂർത്തീകരിച്ചത്.

പ്രവൃത്തി നടത്തിപ്പിലും പൂർത്തീകരണത്തിലും വലിയ കാലതാമസം ഉണ്ടായതായി മുകളിൽ സൂചിപ്പിച്ച വസ്തുതകളിൽ നിന്നും വ്യക്തമാണ്. എന്നാൽ കാലതാമസത്തിന് ഒരു തരത്തിലുള്ള ശിക്ഷാ നടപടികളും കരാറുകാരന് നേരിടേണ്ടി വന്നിട്ടില്ല.

2. കാസറഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസരുടെ 18.09.2019 ലെ ബി-2000/2015 നമ്പർ ഉത്തരവ് പ്രകാരം ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങളും നിബന്ധനകളും പാലിക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തി 2019 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കണമെന്ന് നിബന്ധന വച്ചിരുന്നെങ്കിലും പ്രവൃത്തി ടെണ്ടർ ചെയ്തത് തന്നെ 2020 മാർച്ചിൽ ആണ്.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21, തിയതി 30.11.2023) മറുപടി നൽകിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിന്റെ ചെലവ് തുക ആകെ 7,75,958 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം.33/23- പാടിക്കൊച്ചി കോളനി റോഡ് ടാറിംഗ് - പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം-മറ്റ് അപാകതകൾ

കരാറുകാരൻ- ശ്രീ.റെജി ജോസഫ്

പേമെന്റ്-

1) 1,14,799 രൂപ (വൗച്ചർ നം.50/16-17, തിയതി 18.03.2017- ടാർ വാങ്ങുന്നതിനുള്ള അഡ്വാൻസ്)

2) 1,85,201 രൂപ (വൗച്ചർ നം.01/20-21, തിയതി 27.04.2020)

3) 2,00,000 രൂപ (വൗച്ചർ നം.02/20-21, തിയതി 27.04.2020)

4) 90,914 (വൗച്ചർ നം.34/22-23, തിയതി 11.11.2022)-തനതു ഫണ്ട്

ആകെ- 5,90,914

1. പ്രവൃത്തി നടത്തിപ്പിലും പൂർത്തീകരണത്തിലും കാലതാമസം-

കരാറുകാരനുമായി അസിസ്റ്റന്റ് എഞ്ചിനീയർ 17.03.2017 ന് കരാർ വയ്ക്കുകയും അന്ന് തന്നെ കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം പ്രവൃത്തി ആരംഭിച്ചത് 08.04.2019 നു മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലാവധി കരാറിലോ മറ്റു രേഖകളിലോ പരാമർശിച്ചിട്ടില്ല. അളവു പുസ്തകം പ്രകാരം പ്രവൃത്തി 29.04.2019 നാണ് പൂർത്തീകരിച്ചത്.

പ്രവൃത്തി നടത്തിപ്പിലും പൂർത്തീകരണത്തിലും വലിയ കാലതാമസം ഉണ്ടായതായി മുകളിൽ സൂചിപ്പിച്ച വസ്തുതകളിൽ നിന്നും വ്യക്തമാണ്. 2022-23 ലെ വൗച്ചർ നം. 34/22-23 പ്രകാരം അന്തിമ പേമെന്റ് നടത്തുമ്പോൾ 58,442 രൂപ പിഴയിനത്തിൽ കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഈ പ്രവൃത്തിയുടെ നടത്തിപ്പ് കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് കരാറുകാരനോ അത് ഉറപ്പു വരുത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥരോ ഇടപെട്ടിട്ടില്ല എന്ന് കാണുന്നു.

2. വൗച്ചർ നം.50/16-17, തിയതി 18.03.2017 പ്രകാരം 1,14,799 രൂപ ചെലവഴിച്ച് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് പഞ്ചായത്ത് വാങ്ങി നൽകിയ ബിറ്റുമിന്റെയും എമൽഷന്റെയും ഇൻവോയ്സ് ഫയലിൽ ഇല്ല. ഇൻവോയ്സുകൾ ഹാജരാക്കേണ്ടതാണ്.

